ശ്രീ. ടി. എം. ജേക്കബ്: സർ, ഒരുകാര്യം അങ്ങയുടെ ശ്രദ്ധയിൽ പെടുത്താനുണ്ട്. ഞാൻ അസത്യം പറഞ്ഞുവെന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞത് ശരിയല്ല. ഞാൻ യാതൊരു അസത്യവും പറഞ്ഞിട്ടില്ല. നടന്ന കാര്യങ്ങൾ സത്യസന്ധമായി മാത്രമേ ഞാൻ സഭയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ.

V. മേശപ്പുറത്തുവെച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1985 ഡിസംബർ 23-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 531/85/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 38/86)

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986 ജൂൺ 13-ാം തീയതിയിലെ വിജ്ഞാപനം നമ്പർ 47515/ജി1/85/ഐ. ഡി. (എസ്. ആർ. ഒ. നമ്പരുകൾ 927/86, 928/86)

2. കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1978-79ലേക്കുള്ള മൂന്നാമത് വാർഷിക റിപ്പോർട്ടും, കണക്കും റിവ്യൂ സഹിതം.

3. സ്റ്റേറ്റിൽ ഇൻഡസ്ട്രിയൽസ് കേരള ക്ലിപ്തത്തിന്റെ 1983-84 ലേക്കുള്ള പതിനാലാമത് വാർഷിക റിപ്പോർട്ട് റിവ്യൂ സഹിതം.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986 ഏപ്രിൽ 25-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 61/86 റവ. ഡി. (എസ്. ആർ. ഒ. നമ്പർ 751/86)

2. കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ കേരള ഗവൺമെന്റിനെ സംബന്ധിക്കുന്ന 1984-85-ലെ റിപ്പോർട്ട് (കൊമേഴ്സ്യൽ).

3. കേരള ഗവൺമെന്റിന്റെ 1984-85-ലെ ധനകാര്യ കണക്ക്

4. കേരള ഗവൺമെന്റിന്റെ 1984-85-ലെ ധനവിനിയോഗ കണക്ക്

5. കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ കേരള ഗവൺമെന്റിനെ സംബന്ധിക്കുന്ന 1984-85-ലെ റിപ്പോർട്ട് (സിവിൽ).

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ക്ലിപ്തത്തിന്റെ 1984-ലെ വാർഷിക റിപ്പോർട്ട്.

2. ഓയിൽ പാം ഇൻഡ്യാ ക്ലിപ്തത്തിന്റെ 1984-85 ലേക്കുള്ള എട്ടാമത് വാർഷിക റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly